# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടവല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.6)1927/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടവല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.6)1927/2023 തീയ്യതി: 16/12/2023

## തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-10-2022 മുതൽ 26-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2023 | 05-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-11-2023 | 05-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സബിത എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ഹണി കെ. എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സുനിൽ പി. ബി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സ്വാലിഹ് സി. പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേന്ദ്രൻ പി. ഐ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഉല്ലാസ് കുമാർ കെ എ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനി തോമസ് പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ജോജു കെ. ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| ജോതിരാജ് പി. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2022 | 29-07-2022 |
| കൃഷ്ണനുണ്ണി എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2022 | 31-03-2023 |
| ഡോ. അഭിലാഷ് എൻ. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 31-03-2023 |
| ഡോ. ഡേവിഡ് എ. സി. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ഷാമില വി. എം. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 15-06-2022 |
| ഡോ. മണികണ്ഠൻ ടി. എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 16-06-2022 | 31-03-2023 |
| ഡോ. ജുവൽ എം. എഫ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 19-04-2022 |
| ഡോ. നിസമോൾ വി. എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-04-2022 | 31-03-2023 |
| ഐശ്വര്യ മോഹനൻ | കൃഷി ഓഫീസർ | 01-04-2022 | 06-04-2022 |
| രാഗേഷ് സി. ആർ. | കൃഷി ഓഫീസർ | 07-04-2022 | 04-08-2022 |
| സബീന പരീത് | കൃഷി ഓഫീസർ | 05-08-2022 | 31-03-2023 |
| ദീപ വി. എസ്. | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| രശ്മി പി. ആർ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 03-07-2022 |
| സഹീറ പി. പി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-07-2022 | 31-03-2023 |
| ഗിനിഗ പി. ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ടോണി ജോസഫ് എ. എഫ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അഭിലാഷ് എൻ. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ബിനി പി. എൽ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരിക്കാട് സർക്കിൾ) | 01-04-2022 | 03-06-2022 |
| ചിത്ര സി. കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരിക്കാട് സർക്കിൾ) (ഇൻചാർജ്ജ്) | 04-06-2022 | 14-09-2022 |
| സൺവിൻ ജോൺ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരിക്കാട് സർക്കിൾ) | 15-09-2022 | 31-03-2023 |
| ചിത്ര സി. കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കടവല്ലൂർ സർക്കിൾ) | 01-04-2022 | 31-03-2023 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ട്രയൽ ബാലൻസ് പ്രകാരമുള്ള ആസ്തി നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല. | 1-1-1 |
| 3 | കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യത തൻവർഷത്തെ മുന്നിരിപ്പായി രേഖപെടുത്തിയതിൽ വ്യത്യാസം | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ് | 1-1-3 |
| 5 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-4 |
| 6 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | സ്ഥിര നിക്ഷേപത്തിന്റെ പലിശ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി. | 1-1-7 |
| 9 | Excess Of Income Over Expenditure - ബാലൻസ് ഷീറ്റിലേക്ക് തെറ്റായ തുക ഉൾപ്പെടുത്തി | 1-1-8 |
| 10 | ഡിപ്രിസിയേഷൻ രേഖപെടുത്തിയതിലെ അപാകങ്ങൾ | 1-1-9 |
| 11 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-12 |
| 14 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-13 |
| 15 | "190000000-Prior Period Income" -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-15 |
| 17 | വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-18 |
| 20 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-19 |
| 21 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-20 |
| 22 | ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ഫണ്ട് വിനിയോഗം | 1-3 |
| 25 | പദ്ധതി അവലോകനം | 1-4 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 27 | ക്ഷേമപദ്ധതികൾ | 1-6 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 29 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 30 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 31 | രസീതുകളും അക്കൗണ്ടും - അപാകങ്ങൾ | 1-10 |
| 32 | വസ്തുനികുതി - തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉറപ്പ് വരുത്തിയില്ല | 1-11 |
| 33 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ് | 1-12 |
| 34 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ | 1-13 |
| 35 | സർക്കാർ ഉത്തരവു പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-14 |
| 36 | മൊബൈൽ ടവർ വസ്തു നികുതി- തറവിസ്തീർണം കൃത്യമാണോ എന്ന് വ്യക്തമല്ല. | 1-15 |

| | | |
|---|---|---|
| 37 | ക്രമവത്ക്കരിക്കാൻ കഴിയാത്ത കെട്ടിടങ്ങൾ–കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-16 |
| 38 | അഞ്ചിലധികം ഉരുക്കളെ ഫാം ലൈസൻസ് കൂടാതെ പരിപാലിക്കുന്നു. | 1-17 |
| 39 | തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-18 |
| 40 | മണ്ണ് ലേലം വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 41 | കരാറുകാരിൽ നിന്ന് നഷ്ടം ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല | 1-20 |
| 42 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിച്ചു | 1-21 |
| 43 | പോഷകാഹാരം - വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല | 1-22 |
| 44 | കോക്ലിയർ ഇംപ്ലാന്റേഷൻ - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് | 1-23 |
| 45 | മരുന്നുകൾ പൂർണ്ണമായും നാളിതുവരെ ലഭ്യമായിട്ടില്ല | 1-24 |
| 46 | ഭവനനിർമ്മാണ,റിപ്പയർ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. | 1-25 |
| 47 | മുൻകൂറായി തുക കൈമാറിയെങ്കിലും മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല. | 1-26 |
| 48 | സാന്ത്വനപരിചരണ പദ്ധതി -- നടത്തിപ്പിലെ അപാകതകൾ | 1-27 |
| 49 | വാഹനവാടക – ഒരേ വാഹനത്തിന് ഒരേ ദിവസം രണ്ട് പ്രൊജക്ടുകളിലായി വാടക നൽകിയിരിക്കുന്നു. | 1-28 |
| 50 | വയോജനങ്ങൾക്ക് ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടി-പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ | 1-29 |
| 51 | ആശുപത്രി മാനേജിംഗ് കമ്മിറ്റി വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് | 1-30 |
| 52 | വിനിയോഗവിവരം ലഭ്യമായിട്ടില്ല | 1-31 |
| 53 | ഡെപ്പോസിറ്റ് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 54 | ലാപ്പ്ടോപ്പ്, പ്രിന്റർ എന്നിവ കുടുംബശ്രീ ഹെൽപ്ഡെസ്കിന് കൈമാറിയിട്ടില്ല-തുകതടസ്സപ്പെടുത്തുന്നു. | 1-33 |
| 55 | സാക്ഷരതാമിഷൻ അതോറിറ്റിയുടെ തുല്യത പരീക്ഷ-രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-34 |
| 56 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ പദ്ധതി യിൽ സിമന്റിനും ക്വാറിമക്കിനും അധികം തുക നല്കി | 1-35 |
| 57 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ–പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-36 |
| 58 | തെരുവു നായ വാക്സിനേഷൻ പ്രവർത്തനങ്ങൾ നടത്തിപ്പിലെ അപാകങ്ങൾ | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കടവല്ലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.07.2023 ലെ 2/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 21.7.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**തീയതി: 16.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

## 1-1-1 ട്രയൽ ബാലൻസ് പ്രകാരമുള്ള ആസ്തി നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല.

2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | Dr | Cr | Dr | Cr | Dr | Cr |
| 1 | 431910201 Outdoor Collection Control Account | - | - | - | 500 | - | 500 |

വ്യത്യാസമുള്ള മേൽ പരാമർശിച്ച തുക 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേക്ക് ക്രമീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.
(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

## 1-1-2 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യത തൻവർഷത്തെ മുന്നിരിപ്പായി രേഖപെടുത്തിയതിൽ വ്യത്യാസം

1. 2021-22 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് തുകകളും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | 2021-22 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | | 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് | | വ്യത്യാസം | |
|---|---|---|---|---|---|---|---|
| | | Dr | Cr | Dr | Cr | Dr | Cr |
| 1 | 350300112 Government And Other Dues Payable -Value Of Court Fee Stamp | - | - | - | 15 | - | 15 |

2. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-17) റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് (ഷെഡ്യൂൾ RP 40b ) എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും തൻവർഷത്തെ റസീറ്റ് & പേയ്മെന്റ് അക്കൗണ്ട്(ഷെഡ്യൂൾ RP 40a) പ്രകാരമുള്ള മുന്നിരിപ്പ് തുകകളും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

.

| ഇനം | 2021-22 ബാലൻസ് ഷീറ്റ്/ റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് | | 2022-23 വർഷത്തെ റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരമുള്ള മുന്നിരിപ്പ് | | വ്യത്യാസം | |
|---|---|---|---|---|---|---|
| | Dr | Cr | Dr | Cr | Dr | Cr |
| 450210101 STATE BANK OF INDIA-( | 1874991 | - | 1875006 | - | 15 | - |

| | | | | | | |
|---|---|---|---|---|---|---|
| 37121139997) | | | | | | |

2021-22 വർഷത്തെ വാർഷിക കണക്കിന്റെ ഓഡിറ്റിന് ശേഷം 2022-23 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ കണക്കുകളിൽ മാറ്റം വരുത്തിയതായി മേൽപട്ടികയിൽ നിന്ന് വ്യക്തമാണ്. 2022-23 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ 2021-22 വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് തുകകൾ എല്ലാം തന്നെ 2022-23 വർഷത്തെ വാർഷിക കണക്കിന്റെ മുന്നിരിപ്പായി രേഖപെടുത്തുകയും എന്തെങ്കിലും മാറ്റങ്ങൾ വരുത്താനുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ എന്നിവയോടു കൂടിയ ജേർണൽ എൻട്രി മുഖേന ബന്ധപ്പെട്ട ശീർഷകത്തിൽ രേഖപെടുത്തലുകൾ നടത്തുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്.അതിനു പകരം തുല്യ തുകകൾ ആസ്തി/ ബാധ്യത ശീർഷകങ്ങളുടെ മുന്നിരിപ്പിൽ വ്യത്യാസം വരുത്തിയത് ചട്ടലംഘനമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

## 1-1-3 വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ്

വാർഷിക കണക്ക് B-17 പ്രകാരം 450210104 SUB TREASURY KUNNAMKULAM-( 799013000001171) എന്ന അക്കൗണ്ടിലെ 31.3.2023 ലെ നീക്കിയിരുപ്പ് (-)817,958 രൂപയാണ്. ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ബാലൻസ് വന്നതിന്റെ കാരണം വ്യക്തമല്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

## 1-1-4 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

1. മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപെടുത്തി.

CFC Untied Basic Grant ഫണ്ടിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തിക്കായി ചിലവഴിച്ച തുക, തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം ,ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 58/23 Construction Of Kitchen Block In Korattikkara GUP School | 42201007/ 28.3.2023 | 1014962 | 251100016 Pre-Primary Education- Construction Of Kitchen In Govt School | 414100106 Primary Education- Buildings In Government Schools | Development Fund - Central Finance Commission Grant - Basic Grant |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തിക വർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്.കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക "Prior Period Income " എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution" ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

2. മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.

2022-23 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം , കെ.എസ്.ഇ.ബി.യിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും

വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് / ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ട് നമ്പരും പേരും | തുക | വൗച്ചർ നമ്പർ / തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ചെലവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 3 | 90/2023 കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 23456 | 42200686/ 24.12.2022 (9777 രൂപ )<br>42200757/ 12.1.2023 (13679 രൂപ) | 251200001-Electric Line-Post Re-Arrangement | 460500202-Advance To Implementing Agencies-Deposit With KSEB |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത, 31.3.2023 വരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത ചെലവ് തുകകൾ 2023-24 സാമ്പത്തിക വർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ/ ഉചിതമായ ആസ്തി ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ച തുക മൂലധന ചെലവായി രേഖപെടുത്തി.

MAINTENANCE FUND - ROAD ASSETS ഫണ്ടിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തിക്കായി ചിലവഴിച്ച തുക, തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ മൂലധന ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം ,ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 42/23 Pallikkulam Chola Road Retaringward 11 | 42201086/ 12.5.2022 | 139,825 | 415110003 Roads-Tarred | ഉചിതമായ റവന്യൂ ചിലവ് ശീർഷകം | MAINTENANCE FUND - ROAD ASSETS |
| 2 | 65/23 ANAKKALLU PALLI CRUSHER ROAD RETARRING WARD 13 | 42201087/ 12.5.2022 | 556,315 | 415110003 Roads-Tarred | ഉചിതമായ റവന്യൂ ചിലവ് ശീർഷകം | |

| | | | | | |
|---|---|---|---|---|---|
| 3 | 44/23 Guruthi Paramb Road Retaringward 10 | 42201088/ 12.5.2022 | 494,765 | 415110003 Roads-Tarred | ഉചിതമായ റവന്യൂ ചിലവ് ശീർഷകം |
| 4 | 53/23 Sangeetha Nagar Vadakkumuri Road Retarring | 42201090/ 13.5.2022 | 600,000 | 415110003 Roads-Tarred | ഉചിതമായ റവന്യൂ ചിലവ് ശീർഷകം |
| 5 | 55/23 Parappuram Kopparambath Road ReTarring | 42201095/ 19.5.2022 | 98,268 | 415110003 Roads-Tarred | ഉചിതമായ റവന്യൂ ചിലവ് ശീർഷകം |
| 6 | 43/23 Palli Backside Road Retaringward 17 | 42201215/ 1.2.2023 | 499,408 | 415110003 Roads-Tarred | ഉചിതമായ റവന്യൂ ചിലവ് ശീർഷകം |
| 7 | 41/23 Vadakkummuri Kokkoor Road Retaringward 2 | 42201226/ 14.2.2023 | 96,414 | 415110003 Roads-Tarred | ഉചിതമായ റവന്യൂ ചിലവ് ശീർഷകം |
| 8 | 48/23 Akkikkavu Highway To Water Tank Road Back Side Of Akkikkavu School Road Retarring | 42201241/ 10.3.2023 | 300,000 | 415110003 Roads-Tarred | ഉചിതമായ റവന്യൂ ചിലവ് ശീർഷകം |
| 9 | 75/23 Charithra Nagar Road Retaringward 4 | 42201244/ 14.3.2023 | 207,466 | 415110003 Roads-Tarred | ഉചിതമായ റവന്യൂ ചിലവ് ശീർഷകം |

ഇത്തരത്തിൽ തെറ്റായി ആസ്തിയായി ബുക്ക് ചെയ്ത തുകകൾ 2023-24 സാമ്പത്തിക വർഷത്തിൽ അതത് ആസ്തി ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ചെലവ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്.കൂടാതെ മേൽ പരാമർശിച്ച റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക ഉചിതമായ "Capital Contribution" ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും "Prior Period Income " എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-5 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.**

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210102 | OTHER CO-OPERATIVE BANK-( 11659) | 2626 |
| 2 | 450210102 | Other Co-operative Bank-( 10024) | 250 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2023-24 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-6 സ്ഥിര നിക്ഷേപത്തിന്റെ പലിശ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 31.03.2023 തീയതിയിൽ പഞ്ചായത്തിന് 5005100 രൂപയുടെ സ്ഥിരനിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ 5000000 രൂപ കടവല്ലൂർ സർവീസ് സഹകരണ ബാങ്കിൽ സ്ഥിര നിക്ഷേപ നമ്പർ 37758 തീ : 1.7.2019 പ്രകാരം നിക്ഷേപിച്ച തുകയാണ്. 26.07.2011 തീയതിയിലെ 152/2011 /തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിക്ഷേപങ്ങളുടെ പലിശ ആയത് അക്രൂവൽ ആകുന്ന മുറക്ക് രേഖപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം പലിശ ആനുപാതികമായി കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം കടവല്ലൂർ പഞ്ചായത്തിന്റെ മേൽ പരാമർശിച്ച സ്ഥിര നിക്ഷേപങ്ങളിൽ പലിശ അക്രൂവൽ ആകുന്ന മുറക്ക് പലിശ ഉൾപ്പെട്ട പുതിയ തുക സ്ഥിര നിക്ഷേപമാക്കി മാറ്റുകയാണ് ചെയ്യുന്നതെങ്കിലും ഇത്തരത്തിൽ പലിശ ഉൾപ്പെട്ട പുതിയ തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു ബാലൻസ് ഷീറ്റ് പ്രകാരമുള്ള പഞ്ചായത്തിന്റെ ആസ്തി കുറവായി രേഖപ്പെടുത്തുന്നതിന് കാരണമാകുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു

| സ്ഥിര നിക്ഷേപം തുടങ്ങിയ തീയതി | സ്ഥിര നിക്ഷേപം അവസാനിക്കുന്ന തീയതി | തുക | പലിശ | | പലിശ വാർഷിക കണക്കിൽ ക്രമീകരിച്ച വിധം |
|---|---|---|---|---|---|
| | | | ശതമാനം (പ്രതിവർഷം) | തുക | |
| 1.7.2019 | 1.7.2020 | 5000000 | 8.25 | 412500 | തനത് ഫണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്തു. |
| 1.7.2020 | 1.7.2021 | 5000000 | 7.25 | 362500 | തനത് ഫണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്തു. |
| 1.7.2021 | 1.7.2022 | 5000000 | 6.75 | 337500 | വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 1.7.2022 | 1.10.2022 | 5337500 | 5.5 | 73391 | വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 1.10.2022 | 1.4.2023 | 5410891 | 6.25 | 169090 | വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. |

2023-24 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ മേൽ പരാമർശിച്ച സ്ഥിര നിക്ഷേപത്തിന്റെ പലിശ ഉൾപ്പെട്ട പുതിയ തുക സ്ഥിര നിക്ഷേപമായി രേഖപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-7 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.**

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 17,60,28,892 |
| ആകെ ചെലവ് (B) | | 19,15,05,996 |
| മിച്ചം തുക C= A-B | | (-)1,54,77,104 |
| Prior Period Income (I-19) | 6,527 | |
| Prior Period Expenditure (I-18) | (-)28,000 | |
| Net Difference Between Prior Period Income And Expenses ( D ) | | 34,527 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | (-)1,54,42,577 |

എന്നാൽ ഫോർമുല പ്രകാരം D= (I-18)+(I-19) എന്നും (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ D= (-)21,473 എന്നും E എന്നത് (-)1,54,77,104 നിന്ന്(-)21,473 കുറച്ചപ്പോൾ ലഭിച്ച (-)1,54,55,631 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

*(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 6527 രൂപ ചേർത്തിട്ടുണ്ട്.എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-8 Excess Of Income Over Expenditure - ബാലൻസ് ഷീറ്റിലേക്ക് തെറ്റായ തുക ഉൾപ്പെടുത്തി**

31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടിയിരുന്നത് ശരിയായ(-)1,54,42,577 രൂപയായിരുന്നു.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 26,30,207 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | (-)1,54,42,577 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | (-)1,28,12,370 |

എന്നാൽ 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പ് (-)1,28,11,870 രൂപയാണ്.വ്യത്യാസമുള്ള തുക ട്രയൽ ബാലൻസിൽ 431910201 – Outdoor Collection Control Account എന്ന ശീർഷകത്തിലെ 500/- രൂപയുടെ ക്രെഡിറ്റ്

നീക്കിയിരിപ്പാണ്. മേൽ ശീർഷകത്തിലെ തുക ബാലൻസ്ഷീറ്റിൽ അതേ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിന് പകരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ ക്രമീകരിക്കുകയാണ് ചെയ്തത്.ആയത് തെറ്റായ നടപടിയാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

## 1-1-9 ഡിപ്രിസിയേഷൻ രേഖപെടുത്തിയതിലെ അപാകങ്ങൾ

1. അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികമായി രേഖപ്പെടുത്തി.

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Asset എന്ന ആസ്തികൾക്ക് 201560 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumalated Depreciation (416100110 Accumulated Depreciation - Other Fixed Assets) 1047522 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

2. ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ ,അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

## 1-1-10 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 / ബി -2 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, എന്ന ഇനത്തിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 / ബി -2 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320200104 | Development Fund - Central Finance Commission Grant - Basic Tax Grant | 4255631 | 450210102 | KERALA STATE CO OPERATIVE BANK-( 80015203805)) | 11205862 |
| | 320200113 | Development Fund - | 6869838 | | | |

| | | | | |
|---|---|---|---|---|
| | | Central Finance Commission Grant –Tied Fund | ആകെ : 11125469 | |

2023-24 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-11 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12308689 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)11083647 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-12 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ , അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-13 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല**

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ/ രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./തീയതി | ഒറ്റത്തവണയായി/രണ്ട് തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക | |
|---|---|---|---|
| 110100101-Property Tax | 42201346/31.3.2023 | 3649882 | 2022-23 വർഷത്തിൽ |

| | | | |
|---|---|---|---|
| On Residential Buiding | | | കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ 386 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട് |
| 110100102-Property Tax On Non Residential Buiding | 42201350/31.3.2023 | 3266734 | |
| 140110101-Licence Fees For Factories, Traders, Entepreneuors And Other Services | 42201066/31.3.2023 | 425730 | |
| 110200105-Profession Tax- Traders | 42201070/31.3.2023 | 241620 | |
| 110200101-Profession Tax-Institutions | 42201071/31.3.2023 | 253030 | |

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

## 1-1-14 "190000000-Prior Period Income" -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18,ഐ-19) പ്രകാരം "190000000-Prior Period Income", "290000000- Prior Period Expenses" ,എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101 -Prior Period Income-Property Tax | 367 |

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

## 1-1-15 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള

ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-16 വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**1തൻവർഷം**

1.1റെസിഡൻഷ്യൽ

| | കളക്ഷൻ | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3625123 | 17631 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3618847<br>(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | 17644<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.2നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3216821 | 47756 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3210463<br>(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | 47764<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**2കുടിശ്ശിക**

2.1റെസിഡൻഷ്യൽ

| | ഡിമാൻഡ് |
|---|---|

| | |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2588 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 2222*<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*31.3.2023 ലെ 42201352 നമ്പർ വൗച്ചർ പ്രകാരം 190100101- Prior Period Income-Property Tax എന്ന നോമിനൽ ശീർഷകത്തിൽ നിന്നും സാങ്കല്പികമായി ഡിമാൻഡ് തുക വർദ്ധിപ്പിച്ചിട്ടുണ്ട് (367 രൂപ).

**<u>3 ലൈബ്രറി സെസ്സ്</u>**

| | കളക്ഷൻ | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 347118 | 5099 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 347313<br>(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35(വരവ്)) | 5091<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-1 |

4 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 347313 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 347118 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 348558 രൂപയാണ്.

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 46611 | 26140 |
| 2 | 350410104-Advance Collection Of Revenues | 9656 | 14736 |

| | | | |
|---|---|---|---|
| | -Property Tax On Non-Residential Building | | |

6 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 106478 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക5070 ( 106478/105X5 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 5091 രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-17 രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപെടുന്നില്ല**

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 176910 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 180680 |
| 3 | ക്രെമറ്റോറിയം ഫീ | 350410207 Advance Collection Of Revenues Crematorium Fee | 1000 |

2. തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരം ഭരണചെലവുകൾ എന്ന ഇനത്തിലെ ആകെ വരവ് 1523299 രൂപയാണ്.എന്നാൽ വാർഷിക കണക്ക് പ്രകാരം (320100128 Mahatma Gandhi National Rural Employment Guarantee Scheme) ഈ ഇനത്തിലെ വരവ് 1523787 രൂപയാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-18 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

1. രജിസ്റ്ററുകൾ എഴുതി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ RP-3, RP-4, RP-5 , ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ (140100102,140100103,140110109,140120105,140120101 എന്നീ ശീർഷകങ്ങൾ ഒഴികെ ) വാർഷിക കണക്കിൽ തുക രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്.സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

3. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-7,B-18,RP-33,RP-49, എന്നിവയിലെ രേഖപെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല (340100101 Contractors' Earnest Money Deposit,340100201 Contractors' Security Deposit എന്നിവ ഒഴികെ ).

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-19 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-20 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-1-21 ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.**

1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു.ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു.ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/4.12.2023)

**1-2 ബജറ്റ്**

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 24/03/2022 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 356364000 | 362327500 |
| **റിവൈസ്ഡ്ബജറ്റ്** | | |
| പാസ്സാക്കിയ തിയതി | 22/03/2023 | തീരുമാനം |

| | | |
|---|---|---|
| കമ്മിറ്റിതീരുമാനം | നമ്പർ 2(1) | |
| | | |
| റിവൈസ്ഡ് ബജറ്റ് | | |
| കമ്മിറ്റിതീരുമാനം | | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 347279800 | 363277500 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22326000 | 22326000 | 20782916 | 1543084* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 13681855 | 13681855 | 9976942 | 3704913* |
| മെയിന്റനൻസ്, റോഡ് | 0 | 16605000 | 16605000 | 5905287 | 10699713* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6839000 | 6839000 | 4543120 | 2295880* |
| CFC -Tied Bank | 3773571 | 6159000 | 9932571 | 3062733 | 6869838** |
| CFC -Tied Treasury | 0 | 3181441 | 3181441 | 500191 | 2681250* |
| CFC Basic Bank | 24,18,261.00 | 4511084 | 69,29,345.00 | 2673714 | 42,55,631** |
| CFC Basic Treasury | 0 | 1284213 | 1284213 | 0 | 1284213* |
| National Health Mission | 0 | 450000 | 450000 | 0 | 450000** |
| Other Scheme | 223530 | 0 | 223530 | 0 | 223530** |
| Grants For Specific Puposes-Health Grant Towards Support For Diagnostic Infrastructure To The PHCS | 0 | 296145 | 296145 | 0 | 296145** |
| GRANTS FOR SPECIFIC PURPOSES - HEALTH GRANT TWARDS | 0 | 161789 | 161789 | 0 | 161789** |

| | | | | | |
|---|---|---|---|---|---|
| CONVERSION OF PHCS AND SUBCENTRES IN TO HEALTH AND WELLNESS CENTRES | | | | | |
| Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes | 3140 | 0 | 3140 | 0 | 3140** |
| സാക്ഷരത | 2444 | 0 | 2444 | 0 | 2444** |
| Solid Waste | 1977000 | 0 | *19,77,000.00* | 0 | 19,77,000.00** |
| Suchitwa Mission | 2450493 | 1,44,000.00 | 2594493 | 164000 | 24,30,493.00** |
| ICDS | 1169288 | 17,41,714.00 | 2911002 | 17,38,122.00 | 11,72,880.00** |
| M P FUND | 4844 | 0 | 4844 | 0 | 4844** |
| Grants, Funds & Contributions For Specific Purposes - Other Government Agencies | 51 | 2761000 | 2761051 | 2600000 | 161051** |
| Grants, Funds & Contributions For Specific Purposes - International Organizations-Capital | 714039 | 0 | 714039 | 0 | 714039** |
| Other Liabilities | 46230 | 0 | 46230 | 0 | 46230** |

കുറിപ്പ്:

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ എന്നയിനത്തിലെ വരവിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം എന്നയിനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടിന്റെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) സ.ഉ(സാധാ)നം.6872/2022/ധന തീ:12.10.2022 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച വികസന ഫണ്ട് – എസ്.സി.പി യുടെ രണ്ടാം ഗഡുവിൽ നിന്നും 118573 രൂപയും , സ.ഉ(സാധാ)നം.1049/2023/ധന തീ:13.02.2023 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച വികസന ഫണ്ട് – എസ്.സി.പി യുടെ മൂന്നാം ഗഡുവിൽ നിന്നും 118572 രൂപയും ലൈഫ് വായ്പാ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.31/3/22 ലെ ബാലൻസ് ഷീറ്റ് പ്രകാരം കടവല്ലൂർ ഗ്രാമപഞ്ചായത്തിന് ലൈഫ് വായ്പ ഇനത്തിൽ തിരിച്ചടയ്ക്കാൻ ബാധ്യത ഇല്ലാത്തതാണ്ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം തുക തിരികെ അടയ്ക്കാൻ ബാക്കിയില്ലാത്തതിനാൽ ഈ വിവരം സർക്കാരിനെ അറിയിക്കേണ്ടതും കുറവ് ചെയ്ത മേൽ തുക അടുത്ത വർഷം തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

3) ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് ( എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്കുകളുടെ എണ്ണത്തിൻറെ ശതമാനം |
|---|---|---|---|---|---|
| 224 | 178926503 | 123 | 66661535 | 37.25 | 55 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 15,23,299.00 | 1523299 | *15,23,787.00* | -488 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റിരീയൽ കോസ്റ്റ് | 0 | *3,09,53,341.00* | *3,09,53,341.00* | *3,09,53,341.00* | 0 |
| ആകെ | 0 | 3,24,76,640.00 | 3,24,76,640.00 | 3,24,77,128.00 | -488.00* |

MGNRGS - GIS Survey - Enumerators Wages - അനുവദിച്ചതിൽ സഞ്ജയ് എന്നയാൾക്ക് 30/12/2022 ന് NEFT മുഖേന നൽകിയ 487.50/- രൂപ ടിയാന്റെ അക്കൌണ്ട് അവസാനിപ്പിച്ചതിനാൽ MGNRGS അക്കൌണ്ടിലേക്ക് മടങ്ങി വരുകയും ആയത് ശ്രദ്ധയിൽ പെടാത്തതിനാൽ മുഴുവൻ തുകയും പഞ്ചായത്ത് അക്കൌണ്ടിലേക്ക് അടവാക്കുകയും ചെയ്തിട്ടുള്ളതിനാലാണ് ക്യാഷ് ബുക്ക് പ്രകാരം ഭരണചെലവുകൾ എന്നയിനത്തിൽ നീക്കിയിരുപ്പ് -488/- വന്നത്. വാർഷിക കണക്കുമായുള്ള വ്യത്യാസം ഖ:1-1-17 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-6 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെപേര് | ചെലവുതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 2585100 | 202 |
| വിധവാപെൻഷൻ | 19312300 | 1641 |
| വാർദ്ധക്യകാലപെൻഷൻ | 34316800 | 2872 |
| വികലാംഗപെൻഷൻ | 4203000 | 352 |
| 50 വയസ്സിനുമേൽപ്രായമുള്ള | 1877200 | 162 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2023 തീയതിയിൽ 03:10pm ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19341/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനുട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. വരവ് ചെലവ് കണക്കൾ അംഗീകരിക്കൽ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, പൊളിഞ്ഞു പോയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷകൾ മുതലായവയിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട അജണ്ടകളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളുടെ മിനട്സ് പ്രകാരം കാണുന്നത്. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നുണ്ട്. 20.02.2023 മുതൽ 15.03.2023 വരെ നികുതി പിരിവിനായി കളക്ഷൻ ക്യാമ്പ് നടത്തി. നികുതി-നികുതിയിതര വരവ് സംബന്ധിച്ച് ഗ്രാമസഭകളിൽ അജണ്ട ചേർത്ത് വിശദീകരിക്കുന്നുണ്ട്.

ബജറ്റും യഥാർത്ഥവരവുമായുള്ള താരതമ്യം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യപത്രിക |
|---|---|---|---|
| വസ്തുനികുതി | 70,00,000 | 78,00,000 | 68,31,898 |
| തൊഴിൽനികുതി | 25,00,000 | 23,00,000 | 21,22,480 |
| ലൈസൻസ് ഫീസ് | 6,50,000 | 6,50,000 | 4,26,130 |
| വാടക | 1000 | 1000 | 0 |
| പെർമിറ്റ് ഫീസ് | 6,50,000 | 6,50,000 | 5,84,368 |

### വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റിലുള്ള വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ്(%) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 35,19,052 | 36,49,882 | 3.72 | 367 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 29,05,455 | 32,66,734 | 12.43 | |
| തൊഴിൽ നികുതി- | 4,13,950 | 5,33,300 | 28.83 | |

| | | | |
|---|---|---|---|
| സ്ഥാപനങ്ങൾ, ട്രേഡേഴ്സ്,പ്രൊഫഷണൽസ് | | | |
| തൊഴിൽ നികുതി - ജീവനക്കാർ, | 15,30,271 | 17,40,100 | 13.71 |
| FACTEOS ലൈസൻസ് | 3,38,200 | 4,26,130 | 25.99 |

2021-22 വർഷത്തെ അപേക്ഷിച്ച് 2022-23 വർഷം നികുതി നികുതിയേതര വരുമാനങ്ങളിൽ തൃപ്തികരമായ വർദ്ധനവുണ്ട് . വാണിജ്യ സ്ഥാപനങ്ങൾ താരതമ്യേന കൂടുതലുള്ള പഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്താൻ ഫീൽഡ്തല സന്ദർശനം നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

14.06.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 1(1) പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ സ.ഉ(കൈ) നം. 77/2023/LSGD Dt. 22.03.2023 അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്.സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.പുതിയ കെട്ടിടങ്ങൾക്ക് 01/04/2023 മുതൽ പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ പുതിയ നിരക്കുകൾ ചേർത്തിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലെന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചത്. സോഫ്റ്റ്വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിച്ച് പുതിക്കിയ നിരക്കിൽ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കിൽ നികുതി ഈടാക്കി വരുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

2022-23 വർഷത്തിൽ വസ്തുനികുതിയിനത്തിൽ 100% പിരിവ് വന്നിട്ടുള്ളതാണ്. 2022-23വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ആകെ പിരിച്ചെടുക്കുന്നതിനുള്ള തുക:₹106478 എന്നതാണ് ആയതിൽ പിഴപലിശ സഹിതം ₹115794യുടെ റവന്യൂറിക്കവറി നടപടികളുടെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതാണ്. കുടിശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

സേവന ഉപനികുതി

ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കി വരുന്നില്ല. സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത ആരായേണ്ടതാണ്.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭപ്രവർത്തനങ്ങളും മറ്റു സേവനങ്ങളും ലൈസൻസ്

ഗ്രാമപഞ്ചായത്തിലെ ആകെ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങൾ 2766 എണ്ണവും, 2022-23 വർഷത്തിൽ അനുവദിച്ച ലൈസൻസ് 639 എണ്ണവുമാണ് (പാരാമെഡിക്കലും, ട്യൂട്ടോറിയലും ഉൾപ്പെടെ) ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണവും, ആകെയുള്ള നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണവും പരിഗണിക്കുമ്പോൾ വൻവ്യത്യാസം കാണുന്നുണ്ട്. വാണിജ്യ സ്ഥാപനങ്ങൾ താരതമ്യേന കൂടുതലുള്ള പഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്താൻ ഫീൽഡ്തല സന്ദർശനം നടത്തി ട്രേഡേഴ്സ് ലിസ്റ്റ്

തയ്യാറാക്കേണ്ടതുണ്ട്. ആയത് പരിശോധിക്കേണ്ടതും വരുമാന നഷ്ടം ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

കേരള പഞ്ചായത്തിരാജ് (കശാപ്പുശാലകളും, ഇറച്ചിക്കടകളും)ചട്ടങ്ങൾ 1996 പ്രകാരം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങളൊന്നും തന്നെ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ലെന്നും, കോഴികളെ വളർത്തി വില്പന നടത്തുന്നതിനായി മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നുമാണ് സെക്രട്ടറി അറിയിച്ചത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് കണ്ടെത്തി അതിന് ലൈസൻസ് അനുവദിക്കേണ്ടതും, നിയന്ത്രണാധികാരം ഫലപ്രദമായി വിനിയോഗിക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വാടക

പഞ്ചായത്തിൽ വാടകയിനത്തിൽ വരവില്ലാത്തതാണ്.

ലേലം

2022-23 വർഷത്തിൽ ലേലം ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകരം ₹96671 വരവുണ്ട് . കാന നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് ലേലവും, പാഴ് മരത്തിന്റെ ലേലവുമാണ് 2022-23 വർഷം നടന്നിട്ടുള്ളത്, കാനനിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി മണൽ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് നഷ്ടമാകാതെ എത്രയും പെട്ടെന്ന് ലേലം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റിനങ്ങൾ

പഞ്ചായത്തിലെ വരുമാനം പ്രധാനമായും വാണിജ്യ സ്ഥാപനങ്ങളെ ആശ്രയിച്ചാണ്.ആയതിനാൽ തന്നെ മേൽ മേഖലയിൽ നിന്നും വരുമാനം കൂടുതൽ ലഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യ ആഴ്ച ചന്തയിൽ നിന്നും ₹87,799യുടെ വരവ് വാർഷിക ധനകാര്യ പത്രിക പ്രകരം രേഖപ്പെടുത്തിയിട്ടുള്ളതാണ്. വളരെ പഴക്കമുള്ള പെരുമ്പിലാവ് ചന്തയുമായി ബന്ധപ്പെട്ട് കൂടുതൽ വരുമാനം ആർജ്ജിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ് .

ശിപാർശകൾ

കടവല്ലൂർ പ്രദേശത്തെ ദേശീയ -അന്തർ ദേശീയ തലത്തിൽ തന്നെ രേഖപ്പെടുത്തുന്ന കടവല്ലൂർ അന്വോന്യം നടക്കുന്ന ക്ഷേത്രം നിലനിൽക്കുന്നത് ഈ ഗ്രാമപഞ്ചായത്തിലാണ്. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ 'ഹെറിറ്റേജ് ടൂറിസം' ശക്തിപെടുത്താനുതകുന്ന നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതും, അതുവഴി ഗ്രാമപഞ്ചായത്തിൽ തൊഴിൽ സാധ്യതയും, വരുമാന വർദ്ധനവും ഉണ്ടാക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 രസീതുകളും അക്കൗണ്ടും - അപാകങ്ങൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 6598.6599,6606 എന്നീ മാനുവൽ രസീത് പുസ്തകങ്ങളിൽ രസീത് കൗണ്ട് സർട്ടിഫൈ ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90 (ബി)യിലെ കുറിപ്പ് 2 ).

2.6602 നമ്പർ രസീത് ബുക്കിലെ മുഴുവൻ രസീതുകൾ,.6603 നമ്പർ രസീത് ബുക്കിലെ 1 മുതൽ 22 വരെയുള്ള രസീതുകൾ എന്നിവയുടെ ഒറിജിനൽ പാർട്ടിക്ക് നൽകുകയും ഡ്യൂപ്ലിക്കേറ്റ് ഓഫീസിൽ സൂക്ഷിക്കുകയുമാണ് ചെയ്യുന്നത് .(കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്)ചട്ടങ്ങൾ 2011 ചട്ടം 20, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(എ) )

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ച് തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. എന്നാൽ 6598,6599 എന്നീ നമ്പറുകളിലുള്ള രസീത് ബുക്കുകൾ 13.12.2022 തീയതിയിൽ വെറ്റിനറി സർജന് ഇഷ്യൂ ചെയ്ത് നൽകിയിട്ടുണ്ട്. 6598 നമ്പർ രസീത് ബുക്ക് 27.12. 2022 മുതൽ 12.1.2023 വരെ ഉപയോഗിക്കുകയും അതിനു ശേഷം 12.1.2023 മുതൽ 6598 നമ്പർ രസീത് ബുക്ക് ഉപയോഗിക്കുയുമാണ് ചെയ്തിട്ടുള്ളത്.

രസീത് പരിപാലനവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/4.12.2023)

**1-11 വസ്തുനികുതി – തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉറപ്പ് വരുത്തിയില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

മേൽത്തരം തറയോടുകൂടിയ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം വ്യത്യസ്ത മുറികളായി തിരിച്ച് നമ്പറിടുമ്പോൾ ബാധകമായ 15% വർധനവ് നികുതിയിൽ വരുന്നില്ല. ആയതിനാൽ വലിയ തോതിൽ നികുതി ചോർച്ച സംഭവിക്കുന്നുണ്ട്. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 14/445 C,D,E,F,G,H,I,J,K, L,M,N,O,P,Q,R,S,T | സുബൈദ , കരിയാട്ടിൽ | 1424.79 |
| 16/335 C,D,E,F,G,H,I,J,K, L,M,N,O,P,Q,R,S,T,U,V,W | റാഷിദ്,s/o അബൂബക്കർ ,കുറ്റിയിൽ | 627.28 |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. പഞ്ചായത്തിൽ 250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സാധാരണ തറ അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 21/4.12.2023)

**1-12 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്**

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 21/4.12.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**1-13 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് – അപാകങ്ങൾ**

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക്

ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 10/306 A,B,D-J | അബു അബ്ദുൽ ഹമീദ് , കറുത്ത ഹൗസ് | Sc1/337/22 21.4.2022 | 1.4.2022-30.9.2022 |
| 2 | 8/471 G | അരവിന്ദാക്ഷൻ ,തെക്കേപുരക്കൽ | SC1/293/22 20.4.2022 | 1.4.2022-30.9.2022 |
| 3 | 15/823,823 A,B,827,828 | അമ്മദ് ,കാളിയത്തു ഹൗസ് | 501/22 26.4.2022 | 1.4.2022-30.9.2022 |
| 4 | 14/622 H,I,J,K,T,U,V,X | ഷാനവാസ്, പള്ളിമഞ്ഞയാലിൽ | 160/22 13.4.2022 | 1.4.2022-30.9.2022 |
| 5 | 12/155 D | അശോകൻ,കൊട്ടിലിങ്ങൾ ഹൗസ് | 1238/2022 26.5.2022 | 1.4.2022-30.9.2022 |
| 6 | 5/331 A,B | മുഹമ്മദ് നൗഷാദ് ,കോമത് ഹൗസ് | 381/2022 22.4.2022 | 1.4.2022-30.9.2022 |
| 7 | 14/622 ,T,U,V,X | ഷാനവാസ്, പള്ളിമഞ്ഞയാലിൽ | 4364/22 10.10.2022 | 1.10.2022-31.3.2023 |
| 8 | 3/467 D | മുഹമ്മദ് അഷ്റഫ് & ഖൈറുന്നിസ, കല്ലട്ടയിൽ | 927/2023 18.3.2023 | 1.10.2022-31.3.2023 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 21/4.12.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച് കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽപറഞ്ഞ കെട്ടിടങ്ങളിൽ നിന്ന് ചട്ടപ്രകാരം അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കുന്നതിനൊടൊപ്പം 2022-23 സാമ്പത്തിക വർഷത്തിൽ ഇളവ് നൽകിയ എല്ലാ കെട്ടിടങ്ങൾക്കും ചട്ടങ്ങൾ പാലിച്ച് കൊണ്ടാണ് ഇളവ് നല്കിയിട്ടുള്ളതെന്ന ഉറപ്പ് വരുത്തേണ്ടതും അല്ലാത്ത പക്ഷം അത്തരം കെട്ടിടങ്ങളിൽ നിന്ന് അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 സർക്കാർ ഉത്തരവു പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ.ഉ(അ)നം.നമ്പർ 53/2020/തസ്വഭവ. തീയതി 08/09/2020 പ്രകാരം റെസിഡൻഷ്യൽ ഹോം സ്റ്റേ എന്ന ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞത് 10 രൂപ / ച.മീ.യും കൂടിയത് 25രൂപ / ച.മീ. എന്ന നിരക്കിൽ നിശ്ചയിക്കേണ്ടതാണ്. സഞ്ചയയിൽ സെറ്റ് ചെയ്തിട്ടുള്ള വസ്തുനികുതി അടിസ്ഥാന നിരക്കുകളുടെ പട്ടികയിൽ മേൽ ഉത്തരവു പ്രകാരമുള്ള ഉപയോഗഗണങ്ങളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് ഉൾപ്പെടുത്തിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 21/4.12.2023) മറുപടി ലഭ്യമാക്കിയില്ല.വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയയിൽ മാറ്റങ്ങൾ വരുത്തുമ്പോൾ മേൽ ഉപയോഗ ഗണങ്ങളിലെ നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-15 മൊബൈൽ ടവർ വസ്തു നികുതി- തറവിസ്തീർണം കൃത്യമാണോ എന്ന് വ്യക്തമല്ല.

മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കാക്കുന്നതിനുള്ള തറ വിസ്തീർണത്തിൽ മൊബൈൽ ടവറുകളുടെ തറവിസ്തീർണം + ജനറേറ്റർ + മറ്റു അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്നിവ ഉൾപ്പെടുത്തി തറവിസ്തീർണം കണക്കാക്കാവുന്നതാണെന്ന തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.2.2022 ലെ

ആർ.ഡി.3/94/2020 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.കടവല്ലൂർ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ ( 7 എണ്ണം ) വസ്തു നികുതി കണക്കാക്കിയിട്ടുള്ളത് മേൽ സർക്കുലർ പ്രകാരമുള്ള തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിലാണോയെന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 21/4.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കാക്കുന്നതിനായി സർക്കാർ നിഷ്കർഷിച്ച തറവിസ്തീർണമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന ഉറപ്പ് വരുത്തേണ്ടതാണ്.അല്ലാത്തപക്ഷം നികുതി പുനർനിർണയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും കുറവായി ഈടാക്കിയ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതുമാണ്.

## 1-16 ക്രമവത്ക്കരിക്കാൻ കഴിയാത്ത കെട്ടിടങ്ങൾ-കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 95(3) പ്രകാരം പെർമ്മിറ്റ് കൂടാതെയുള്ള നിർമ്മാണങ്ങളും വ്യതിയാനങ്ങളും ക്രമവൽക്കരിച്ച നൽകുമ്പോൾ അനുബന്ധം G2 ലെ പോലെ ഒരു മാതൃകരജിസ്റ്ററിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തി സ്ഥിരരേഖയായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ മേൽ പറഞ്ഞ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല . പെർമ്മിറ്റ് രജിസ്റ്ററിൽ തന്നെയാണ് കെട്ടിടം റഗുലറൈസ് ചെയ്യാനുള്ള അപേക്ഷ ലഭിച്ചത് ചേർത്തിട്ടുള്ളത്. പെർമ്മിറ്റില്ലാതെ പുതുതായി നിർമ്മിച്ച/വ്യതിയാനം വരുത്തിയ കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ ന്യൂനത റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപാകത പരിഹരിച്ച് ഫയൽ പുനഃസമർപ്പിക്കുന്നതിന് മടക്കിയിട്ടുണ്ട് . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ/തിയതി | അപേക്ഷകന്റെ പേരും | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച.മീ) | ഫയൽ മടക്കിയ തിയതി |
|---|---|---|---|---|
| 1 | 4983/22 27.10.2022 | ആഷിക് ഹസൻ ഖാദിരി | 900.62 | 2.7.2023 |
| 2 | 4710/22 18.10.2022 | അബ്ദുൽ താഹിർ & താഹിറ | 74.75 | 21.11.2022 |
| 3 | 2777/22 30.7.222 | ഇബ്രാഹിം & സുലൈഖ | 173.99 | 26.8.2022 |
| 4 | 1429/22 1.6.2022 | സൈനബ & മുജീബ് | 113.49 | 7.7.2022 |

ന്യൂനത പരിഹരിച്ച് ഫയൽ പുനഃസമർപ്പിക്കാത്ത പണി പൂർത്തീകരിച്ച പ്രസ്തുത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ കഴിയാത്തപക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം അനധികൃത കെട്ടിട നിർമ്മാണത്തിലുൾപ്പെടുത്തി നിയമാനുസൃത മായി നിർമ്മിച്ചിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയുടെ മൂന്നിരട്ടി തുക മേൽ പറഞ്ഞ കെട്ടിടങ്ങൾക്കു നിർണ്ണയിക്കേണ്ടതും ആയതു പ്രകാരം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 23/5.12.2023)

## 1-17 അഞ്ചിലധികം ഉരുക്കളെ ഫാം ലൈസൻസ് കൂടാതെ പരിപാലിക്കുന്നു.

2022-23 വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥനായ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ക്ഷീര കർഷകർ അഞ്ചിലധികം ഉരുക്കളെ പരിപാലിക്കുന്നതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ക്ഷീര കർഷകന്റെ പേരും മേൽവിലാസവും | പരിപാലിക്കുന്ന ഉരുക്കളുടെ എണ്ണം |
|---|---|---|
| 1 | ലതീഷ്. സി. S/o.ഭാസ്കരൻ നായർ , ചെമ്മൂര് വീട്, തിപ്പിലശ്ശേരി, പി.ഓ. പെരുംമ്പിലാവ്, തൃശ്ശൂർ -680 519<br>വാർഡ് :10 | 10 |
| 2 | പ്രിയ.പി. W/o.ശശി, ചക്കുംകുമരത്ത് ഹൗസ്, തിപ്പിലശ്ശേരി, തിപ്പിലശ്ശേരി- പി.ഓ, കരിക്കാട്, തൃശ്ശൂർ -680 519<br>വാർഡ്:10 | 8 |
| 3 | ദേവകി.കെ.കെ, W/o.ബാലകൃഷ്ണൻ, മുതിരപുറത്ത് ഹൗസ്, പെരുംമ്പിലാവ്, പി.ഓ. പെരുംമ്പിലാവ്, തൃശ്ശൂർ -680 519<br>വാർഡ്:11 | 10 |
| 4 | രമേഷ് ബാബു.പി.കെ.s/o.കുമാരൻകുട്ടി പണിക്കർ,നെടിയകളരിക്കൽ ഹൗസ്, കാണിപ്പയ്യൂർ, തൃശ്ശൂർ<br>വാർഡ്:8 | 25 |
| 5 | രാധ.എ.കെ, കൈപ്പെട്ടി വീട്, കരിക്കാട് വഴി, മുല്ലപ്പള്ളിക്കുന്ന്, ആൽത്തറ പെരുംമ്പിലാവ്, പി.ഓ. പെരുംമ്പിലാവ്, തൃശ്ശൂർ -680 519<br>വാർഡ്:7 | 7 |
| 6 | കുമാരൻ.വി.പി., വലിയ വളപ്പിൽ വീട്,കരിക്കാട്, തൃശ്ശൂർ -680 519<br>വാർഡ്:18 | 31 |

2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം 5 ഉരുക്കളിൽ കൂടുതലുള്ള ഫാം നടത്തുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. മേൽ പട്ടികപ്പെടുത്തിയ കർഷകർ 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 01.12.23ന് നല്കിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി മേൽ പറഞ്ഞവർക്ക് നിയമപ്രകാരമുള്ള ലൈസൻസ് അനുവദിച്ചിട്ടില്ലെന്ന മറുപടിയാണ് സെക്രട്ടറി നല്കിയിട്ടുള്ളത്. നിയമപ്രകാരമുള്ള ലൈസൻസ് മേൽപറഞ്ഞവരെ കൊണ്ട് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ആദ്യമറുപടിയോടൊപ്പം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-18 തൊഴിൽ നികുതി ഈടാക്കുന്നില്ല**

1. ഗ്രാമപഞ്ചായത്ത് പരിതിയിൽപെട്ട അക്കിക്കാവ് ക്ഷീരോത്പാദക സഹകരണ സംഘം, കരിക്കാട് ക്ഷീരോത്പാദക സഹകരണ സംഘം, കടവല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം എന്നി സംഘങ്ങൾ ലൈസൻസ് എടുത്തതിന്റെയും, ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. BSNL സ്ഥാപന തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.ഐ.ഡി &ഇ.ഡബ്ല്യൂ) നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കരാറുകാർ ഗ്രാമപഞ്ചായത്തിൽ 60 ദിവസത്തിൽ കൂടുതൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ളതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേരു വിവരം |
|---|---|
| 1 | വിഷ്ണു.എം.വി., മേനോൻപറമ്പിൽ വീട്. കടവല്ലൂർ |
| 2 | സുരേന്ദ്രൻ.ടി., താണിക്കൽ വീട്, ചാലിശ്ശേരി |
| 3 | അർച്ചന.എം.എസ്., മുല്ലപ്പുള്ളി വീട്, തിരുത്തിക്കാട്, പോർക്കുളം |
| 4 | സുബ്രഹ്മണ്യൻ.എം.പി, മേനോൻ പറമ്പിൽ വീട്, കടവല്ലൂർ |
| 5 | മുഹമ്മദ് ഷക്കീർ, കാരേങ്ങൽ വീട്, മരത്തങ്ങോട് |
| 6 | സുജീഷ് രാധാകൃഷ്ണൻ, പട്ടേരിവളപ്പിൽ വീട്, കരിയന്നൂർ, മുഖത്തല |
| 7 | ലിപിൻ.എം.വി, മഞ്ഞക്കാട്ടുകണ്ടം, എടപ്പാൾ |
| 8 | എം.പി.വിനോദ്, അമ്മാട്ടു വീട്, ചിറ്റഞ്ഞൂർ, കുന്നംകുളം |
| 9 | ഷൗഫീദ്.സി.കെ.,ചേങ്ങൻകോട്ടിൽ വീട്, മേഴാറ്റൂർ |
| 10 | മോഹനൻ.പി. പറക്കുത്ത് വീട്, കോതച്ചിറ. |

മേൽ പട്ടികപ്പെടുത്തിയ കരാറുകാർ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് 01.12.23ന് നല്കിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 1,2 ക്രമ നമ്പരിലുള്ളവർ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്നും മറ്റ് ആറ് പേർക്കും തൊഴിൽ നികുതി ഒടുക്കുന്നതിനായി കത്ത് നല്കിയിട്ടുണ്ടെന്നുമാണ് സെക്രട്ടറി അറിയിച്ചത്.പട്ടിക 1,2 ക്രമ നമ്പരിലുള്ളവർ തൊഴിൽ നികുതി ഒടുക്കിയ രശീതിയുടെ പകർപ്പും, മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളും ആദ്യ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 മണ്ണ് ലേലം വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വൗച്ചർ നം.-- 22200396/16.8.22 – 22900

ലേലക്കാരൻ -- മുഹസിൻ,അമ്പലത്ത് വീട്ടിൽ

പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 24.1.22ലെ AE/SR/LSGD/2021-22 നം.വാല്വേഷൻ റിപ്പോർട്ട് പ്രകാരം വട്ടമാവ് എസ് സി കോളനിസാംസ്കാരികനിലയത്തിന് മുമ്പിൽ കൂട്ടിയിട്ടിരിക്കുന്ന $105.5m^3$ മണ്ണിന് $1\ M^3$ ന് 53/- രൂപ നിരക്കിൽ 5657/- രൂപ എന്നാണ് വില നിർണ്ണയിച്ചിട്ടുള്ളത്. ലേലം 10.3.22 ന് നടത്തുകയും ഉയർന്ന തുക ക്വോട്ട് ചെയ്ത മുഹസിൻ,അമ്പലത്ത് വീട്ടിൽ 22900 രൂപ (200 രൂപ ഓക്ഷൻ ഡെപ്പോസിറ്റ് 22700 ലേലത്തുക ഉൾപ്പെടെ)രസീത് നം. 121010109324/10.3.22 പ്രകാരം പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റി 14.3.22 ലെ 3(1) തീരുമാനപ്രകാരം ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില സാങ്കേതികകാരണങ്ങളാൽ മണ്ണ് കൊണ്ടുപോകാൻ പറ്റിയിട്ടില്ല എന്ന ലേലക്കാരൻ അറിയിക്കുകയും ഭരണസമിതിയുടെ 29.7.22 ലെ 10(1) നം.തീരുമാനപ്രകാരം അടവാക്കിയ തുക തിരികെ നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ലേലം നടത്തിയതിന് പഞ്ചായത്തിന് ഉണ്ടായ നഷ്ടം ടിയാനിൽ നിന്ന് ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

ടിയാൻ അടവാക്കിയ തുക മേൽക്കാണിച്ച വൗച്ചർ നം, പ്രകാരം തിരികെ നൽകിയിട്ടുണ്ട്. എന്തുകൊണ്ടാണ് മണ്ണ് ലേലക്കാരൻ കൊണ്ടുപോകാതിരുന്നത് എന്നും മണ്ണ് പുനർലേലം നടത്തിയിട്ടുണ്ടോ എന്നും നിലവിൽ മണ്ണിന്റെ അവസ്ഥ എന്താണ് എന്നും ഉള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/5.12.23) മറുപടിയായി മണ്ണ് പുറത്തേക്ക് കൊണ്ടുപോകുന്നത് സമീപവാസികൾ സമ്മതിക്കാത്തതിനാലാണ് ലേലക്കാരന് മണ്ണ് കൊണ്ടുപോകാൻ സാധിക്കാതിരുന്നത് എന്നും ഇത് സാംസ്കാരികനിലയത്തിന്റെ പരിസരത്ത്

നിരത്തി ലവൽ ചെയ്യുകയാണ് ചെയ്തത് എന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മണ്ണ് നിരത്തി ലവൽ ചെയ്യേണ്ടതിന്റെ ആവശ്യകത ആരും വ്യക്തമാക്കിയിട്ടില്ല. ടി വിഷയത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-20 കരാറുകാരിൽ നിന്ന് നഷ്ടം ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല**

ഫയൽ നം.-- B2 /5369/22

പഞ്ചായത്ത് ഭരണസമിതിയുടെ 16.5.22 ലെ 7(1) നം.തീരുമാനപ്രകാരം കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതിയിൽപെട്ട വിവിധ റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ പഞ്ചായത്തിന് വന്ന സാമ്പത്തികനഷ്ടം 318961 രൂപ കരാറുകാരനായ ശ്രീ.കെ കെ അഷ്റഫ് കാരുകുളങ്ങര വീട് എന്നവരിൽ നിന്ന് ഈടാക്കുന്നതിനായി 18/4/22 ന് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

പഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെട്ടതും അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്നതുമായ പ്രവൃത്തികൾ ടെണ്ടർ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടെങ്കിലും കരാറുകാർ പ്രവൃത്തി ആരംഭിച്ചില്ല.രണ്ട് പ്രാവശ്യം നോട്ടീസ് നൽകിയെങ്കിലും പ്രവൃത്തി ആരംഭിക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. പദ്ധതികൾ സ്പിൽഓവറായി ഉൾപ്പെടുത്തിയാൽ കരാറുകാർ പ്രവൃത്തി ആരംഭിച്ചില്ലെങ്കിൽ ഫണ്ട് നഷ്ടപ്പെടും. എസ്റ്റിമേറ്റിൽ വർദ്ധന ഉണ്ടായ സാഹചര്യത്തിൽ നിലവിലെ തുകക്ക് പ്രവൃത്തി ചെയ്യുന്നതിനും കഴിയില്ല എന്നും ഭരണസമിതി 12.4.22ലെ 5(3)നം.ആയി തീരുമാനിച്ചു. പഞ്ചായത്തിന് ഉണ്ടായ സാമ്പത്തികനഷ്ടം കണക്കാക്കി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

പഞ്ചായത്ത് ഭരണസമിതിയുടെ 16.5.22 ലെ 7(2) നം.തീരുമാനം ചുവടെ ചേർക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ എൽ എസ് ജിഡി തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം DSR 2018 അനുസരിച്ച് പ്രവൃത്തി ചെയ്യുമ്പോൾ ഉണ്ടാകുന്ന സാമ്പത്തികനഷ്ടവും ജാമ്യനിക്ഷേപമായി സമർപ്പിച്ച തുകയും കണക്കാക്കിയിട്ടുണ്ട്. മേൽ റിപ്പോർട്ട് താഴെ ചേർക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ | പഞ്ചായത്തിന് ഉണ്ടായ നഷ്ടം | ജാമ്യ നിക്ഷേപ ത്തുക | ബാക്കി |
|---|---|---|---|---|
| പടിഞ്ഞാറ്റുമുറി അംഗൻവാടി മെയിന്റനൻസ് | പി എൻ വിജയൻ | 24896.83 | 51600 | 169551.04 |
| വട്ടമാവ് ശ്മശാനത്തിന് ഷെഡ് നിർമ്മാണം | കെ സുനിൽകുമാർ | 27046 | 5000 | 22046 |
| ശിശുസൗഹൃദടോയ്‌ലറ്റ് അംഗൻവാടി 18 19 | വിഷ്ണു എം വി | 32204 | 8000 | 24204 |
| മാന്തോട്ടം പൊതുകിണർ മെയിന്റനൻസ് | പി എൻ വിജയൻ | 80843.56 | - | - |
| ഖാദി കോത്തോള്ളിക്കുന്ന്റോഡ് റീടാറിംഗ് | പി എൻ വിജയൻ | 115410.65 | - | - |

(മാന്തോട്ടം പൊതുകിണർ മെയിന്റനൻസ് , ഖാദി കോത്തോള്ളിക്കുന്ന്റോഡ് റീടാറിംഗ് എന്നിവയിൽ ജാമ്യനിക്ഷേപം ,നഷ്ടം എന്നിവ കണക്കാക്കിയിട്ടില്ല.)
നിലവിലെ നിരക്ക് അനുസരിച്ച് പഞ്ചായത്തിന് ഉണ്ടായ നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ് എന്ന് കമ്മറ്റി തീരുമാനിച്ചു. കരാറുകാർക്ക് കത്ത് നൽകുന്നതിന് യോഗം തീരുമാനിച്ചു.

മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കരാറുകാരനിൽ നിന്ന് നഷ്ടം ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 25/5.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാറുകാരനിൽ നിന്ന് നഷ്ടം ഈടാക്കി തനതുഫണ്ടിൽ മുതൽക്കുട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | 106/23- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| അടങ്കൽ | 764929(വികസന ഫണ്ട്-ജനറൽ)<br>300011 (തനത് ഫണ്ട്)<br>532470 (ബ്ലോക്ക് വിഹിതം)<br>177490 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>--------<br>1774900 |
| ചെലവഴിച്ച തുക | 764929 (വികസന ഫണ്ട്-ജനറൽ)<br>277991 (തനത് ഫണ്ട്)<br>503940 (ബ്ലോക്ക് വിഹിതം)<br>167980(ജില്ലാ പഞ്ചായത്ത് വിഹിതം)<br>--------<br>17144840 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായ 106/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിലെ ഗുണഭോക്താക്കളായ താഴെ പറയുന്നവർക്ക് അർഹമായതിലും അധിക തുക അനുവദിച്ചിരിക്കുന്ന വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരു വിവരം | വൈകല്യം | പഠിക്കുന്ന ക്ലാസ് | അർഹമായ സ്കോളർഷിപ്പ് | അനുവദിച്ച സ്കോളർഷിപ്പ് | അനുവദിച്ച തുക സംബന്ധിച്ച വിവരം | | | അധികമനുവദിച്ച തുക |
|---|---|---|---|---|---|---|---|---|---|
| | | | | | | തുക | വൌച്ചർ നം | തിയതി | |
| 1 | അഭീന്ദ്രദേവ് | ശ്രവണ വൈകല്യം | പ്രീപ്രൈമറി | 5300 | 5400 | 3300 | 42201156 | 05.11.22 | 100 |
| | | | | | | 2100 | 42201198 | 21.01.23 | |
| 2 | ദീപു. കെ.ആർ | ശ്രവണ വൈകല്യം | 10-ാം തരം | 8000 | 8200 | 5000 | 42201156 | 05.11.22 | 200 |
| | | | | | | 3200 | 42201198 | 21.01.23 | |
| 3 | മുഹമ്മദ് സിനാൻ കെ.ജെ | ശ്രവണ വൈകല്യം | 9-ാം തരം | 8000 | 8200 | 5000 | 42201156 | 05.11.22 | 200 |
| | | | | | | 3200 | 42201198 | 21.01.23 | |
| 4 | മുഹമ്മദ് സഫ്റാൻ | ശ്രവണ വൈകല്യം | 8-ാം തരം | 6600 | 6700 | 4100 | 42201156 | 05.11.22 | 100 |
| | | | | | | 2600 | 42201198 | 21.01.23 | |
| 5 | അക്ഷയ്.എം.സി. | ശ്രവണ വൈകല്യം | 4-ാം തരം | 5300 | 5400 | 3300 | 42201156 | 05.11.22 | 100 |
| | | | | | | 2100 | 42201198 | 21.01.23 | |
| 6 | മുഹമ്മദ് നിസാം | ശ്രവണ വൈകല്യം | 10-ാം തരം | 8000 | 8200 | 5000 | 42201156 | 05.11.22 | 200 |
| | | | | | | 3200 | 42201198 | 21.01.23 | |
| 7 | മുഹമ്മദ് ഷഹീൽ. ടി.എ. | ശ്രവണ വൈകല്യം | പ്രീപ്രൈമറി | 5300 | 7640 | 3000 | 42201156 | 05.11.22 | 2340 |
| | | | | | | 4640 | 42201198 | 21.01.23 | |
| ആകെ | | | | | | | | | 3240 |

ഗുണഭോക്താക്കൾക്ക് അധികതുക അനുവദിക്കുന്നതിനുണ്ടായ കാരണം അറിയിക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട്

നല്കിയ 02.12.2023 തിയതിയിലെ 14-ാം നമ്പർ എൻക്വയറിയ്ക്ക് അബദ്ധവശാലാണ് അധികതുക അനുവദിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായതെന്ന് നിർവ്വഹണോദ്യോഗസ്ഥനായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുള്ളതാണ്. അധികമനുവദിച്ച തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് 2022-23 വർഷത്തിൽ അനുവദിക്കുന്ന ആനുകൂല്യത്തിൽ നിന്നും ക്രമീകരിക്കേണ്ടതും, വിവരം അദ്യ മറുപടിയോടൊപ്പം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 പോഷകാഹാരം - വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല

2022-23 വർഷത്തിൽ, ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായ 10/23 അങ്കണവാടി പോഷകാഹാര പരിപാടി എന്ന പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിലെ 34 അങ്കണവാടികൾക്കായി ജീവൻ പ്ലസ് അമൃതം ഫുഡ് സപ്ലിമെന്റ്, കടങ്ങോട് ഗ്രാമപഞ്ചായത്ത്, ഇയ്യാൽ-680 501 എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും പ്രകാരം 'അമൃതം ഫുഡ്', 'ബാലാമൃതം' എന്നീ ഉത്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | ഉത്പന്നം | ഇൻവോയ്സ് നം. | തിയതി | ജി.എസ്.ടി. ഉൾപ്പെടെയുള്ള ബിൽ തുക | CGST@ 2.5% | SGST @ 2.5% | വൌച്ചർ നം./തിയതി |
|---|---|---|---|---|---|---|---|
| 1 | അമൃതം ഫുഡ് 1509Kg. | 348 | 27.01.22 | 110911.50 | 2640.75 | 2640.75 | 42201083/06.05.22 |
| 2 | ബാലാമൃതം 328 Kg. | 354 | 28.02.22 | 25830.00 | 615.00 | 615.00 | |
| 3 | അമൃതം ഫുഡ് 1515Kg. | 353 | 28.02.22 | 111352.50 | 2651.25 | 2651.25 | |
| 4 | അമൃതം ഫുഡ് 1419Kg. | 356 | 16.03.22 | 109588.50 | 2609.25 | 2609.25 | |
| 5 | അമൃതം ഫുഡ് 1059Kg. | 363 | 28.04.22 | 77836.50 | 1853.25 | 1853.25 | |
| 6 | ബാലാമൃതം 113 Kg. | 405 | 27.08.22 | 8898.75 | 211.87 | 211.87 | 42201134/12.09.22 |
| 7 | അമൃതം ഫുഡ് 969Kg. | 404 | 27.08.22 | 71221.50 | 1695.75 | 1695.75 | |
| 8 | അമൃതം ഫുഡ് 966Kg. | 409 | 24.09.22 | 71001 | 1690.5 | 1690.5 | 42201117/25.12.22 |
| 9 | ബാലാമൃതം 94 Kg. | 410 | 24.09.22 | 7402.50 | 176.25 | 176.25 | |
| 10 | അമൃതം ഫുഡ് 855Kg. | 436 | 26.11.23 | 62842.50 | 1496.25 | 1496.25 | |
| 11 | ബാലാമൃതം 102 Kg. | 437` | 26.11.22 | 8568.00 | 204 | 204 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | ബാലാമൃതം 160Kg. | 451 | 31.12.22 | 11760 | 280 | 280 | |
| 13 | അമൃതം ഫുഡ് 1059Kg. | 363 | 28.04.22 | 77836.50 | 1853.25 | 1853.25 | 42201197/21.01.23 |
| 14 | അമൃതം ഫുഡ് 1128Kg. | 376 | 30.05.22 | 82908 | 1924 | 1924 | |
| 15 | ബാലാമൃതം 161 Kg. | 377 | 30.05.22 | 13524 | 322 | 322 | |
| 16 | അമൃതം ഫുഡ് 1014Kg. | 386 | 27.06.22 | 74529 | 1774.50 | 1774.50 | |
| 17 | ബാലാമൃതം 114Kg. | 396 | 26.07.22 | 9576 | 228 | 228 | |
| 18 | അമൃതം ഫുഡ് 987Kg. | 395 | 26.07.22 | 92844.50 | 1727.25 | 1727.25 | |
| 19 | ബാലാമൃതം 84Kg. | 424 | 25.10.22 | 7056 | 168 | 168 | |
| 20 | അമൃതം ഫുഡ് 906Kg. | 423 | 25.10.22 | 66591 | 1585.5 | 1585.5 | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST,SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ജീവൻ പ്ലസ് അമൃതം ഫുഡ് സപ്ലിമെന്റ്, കടങ്ങോട് ഗ്രാമപഞ്ചായത്ത്, ഇയ്യാൽ എന്ന സ്ഥാപനത്തിൽ നിന്നും 'അമൃതം ഫുഡ്', 'വാങ്ങിയപ്പോൾ CGST,SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് 04.12.23 ന് നല്കിയ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. വരും വർഷങ്ങളിൽ പോഷകാഹാരം വിതരണം ചെയ്യുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത ജിഎസ്റ്റി ടിഡിഎസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 കോക്ലിയർ ഇംപ്ലാന്റേഷൻ - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്**

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായ 252/23 കോക്ലിയർ ഇംപ്ലാന്റേഷൻ എന്ന പ്രോജക്ടിൽ അഭീന്ദ്രദേവ്.കെ., S/o.അരുൺ.കെ.കൊങ്ങത്ത് വീട്, പെരുംമ്പിലാവ് പി.ഓ. എന്ന കുട്ടിയുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്യുന്നതിനായി ( ഭരണ സമിതി തീരുമാനം:1(25) തിയതി:29.12.22) ₹29,226/- (വൗച്ചർനം.42201192/11.01.23) എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരത്തേയക്ക് കൈമാറിയിട്ടുള്ളതാണ് (ട്രഷറി അക്കൗണ്ട് നം.70101140000134, ജില്ലാ ട്രഷറി തിരുവനന്തപുരം) തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് 04.12.23ന് നല്കിയ 19-ാം നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. നിർവ്വഹണ ഏജൻസിയിൽ നിന്നും പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**1-24 മരുന്നുകൾ പൂർണ്ണമായും നാളിതുവരെ ലഭ്യമായിട്ടില്ല**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ |
| പ്രോജക്ട് | 6/23 – പെരുമ്പിലാവ് ഹോമിയോഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| അടങ്കൽ | 350000 |
| ചെലവ് | 350000 |
| വൗച്ചർ നം | 42201191/11.1.23 |
| കൈപ്പറ്റിയഏജൻസി | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോഓപ്പറേറ്റീവ് ഫാർമസിലിമിറ്റഡ് |
| പ്രഫോർമ ഇൻവോയ്സ് നം. | PF 760/ 7.11.2022 |
| ലഭിച്ച മരുന്നുകളുടെ ഇൻവോയ്സ് നം. | LF 1103/23.08.2023 |

മേൽക്കാണിച്ച പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് ലഭിക്കുന്നതിനായി തുക കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോഓപ്പറേറ്റീവ് ഫാർമസിക്ക് കൈമാറിയെങ്കിലും 1,45,838 രൂപയുടെ (ഇൻവോയ്സ് നം.LF 1103/23.08.2023 പ്രകാരം)മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. ബാക്കിയുള്ള 2,04,162 മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതാണെന്ന് ഹോംകോ അറിയിച്ചിട്ടുള്ളതായി നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 3/28.11.2)

## 1-25 ഭവനനിർമ്മാണ,റിപ്പയർ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

വി.ഇ.ഒ നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ, ലൈഫ് ഭവനപദ്ധതി എന്നിവയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വീട് വാസയോഗ്യമാക്കൽ

| പ്രൊജക്ട് നമ്പരും പേരും | ഗുണഭോക്താവിന്റെ പേര് | തുക | തീയതി |
|---|---|---|---|
| 17/23 – വീട് വാസയോഗ്യമാക്കൽ പട്ടികജാതി (സ്പിൽ ഓവർ)—(വി ഇ ഒ കടവല്ലൂർ സർക്കിൾ) --2 ഗഡുക്കളായി 37500രൂപ വീതം നൽകുന്നു | സുരേഷ് ബാബു കോഴിത്തറമേൽ | 37500 | 25.11.21 |

| | | | |
|---|---|---|---|
| 184/23 – വീട് വാസയോഗ്യമാക്കൽ പട്ടികജാതി--(വി ഇ ഒ കടവല്ലൂർ സർക്കിൾ) 2ഗഡുക്കളായി 50000രൂപ വീതം നൽകുന്നു | സുബ്രഹ്മണ്യൻ മുതുവീട്ടിൽ | 50000 | 30.1.23 (Voucher No.42201207/30.1.23--350000) |
| 184/23 – വീട് വാസയോഗ്യമാക്കൽ പട്ടികജാതി--(വി ഇ ഒ കടവല്ലൂർ സർക്കിൾ) | മോഹനൻ മേലേപുരയ്ക്കൽ | 50000 | 23.2.23 (42201229/23.2.23-150000) |

ലൈഫ് ഭവനപദ്ധതി

വി.ഇ.ഒ(കരിക്കാട് സർക്കിൾ) നടപ്പാക്കിയ ലൈഫ് പദ്ധതിയിലെ കരാർ വച്ചിട്ടുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഓരോ ഗുണഭോക്താവിനും 4 ലക്ഷം രൂപ വീതമാണ് ഭവനനിർമ്മാണത്തിനായി നൽകുന്നത്.

വിതരണ രജിസ്റ്റർ പരിശോധിച്ചത് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തീയതി | കരാർ |
|---|---|---|---|
| അംബുജം, പുതുക്കാട്ടിൽ | 40000 | 12.8.20 | 2020--21 |
| | 160000 | 27.7.21 | |
| സീനത്ത് മുഹമ്മദ് ഷാഹിദ്, തോണിയറയിൽ | 40000 | 31.10.21 | 2021-22 |
| | 160000 | 22.6.23 | |
| ചീരു നെടുമ്പായിൽ | 40000 | 21.3.22 | 2021-22 |
| | 160000 | 15.10.22 | |
| | 100000 | തീയതി രേഖപ്പെടുത്തിയിട്ടില്ല | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 12/1.12.23)ത്തിന് മറുപടിയായി പ്രവൃത്തി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവഹണഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 മുൻകൂറായി തുക കൈമാറിയെങ്കിലും മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി നിർവഹണഉദ്യോഗസ്ഥൻ ആയി നടപ്പാക്കിയ രണ്ട് പ്രൊജക്ടുകളിലായി മരുന്നുകൾ, ഉപകരണങ്ങൾ എന്നിവക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് ചുവടെ ചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മുഴുവൻ ഇനങ്ങളും ലഭ്യമായിട്ടില്ല.

| പ്രൊജക്ട് നമ്പരും പേരും | വൗച്ചർ നം., തുക | കൈമാറിയ തുക | പ്രഫോർമ ഇൻവോയ്സ് | ഇൻവോയ്സ് | ബാക്കി ലഭിക്കുവാനുള്ളതിന്റെ വിവരം |
|---|---|---|---|---|---|
| 14/23 –പരിരക്ഷ സാന്ത്വനപരിചരണം | 42201221/ 6.2.23- 7,51,877/- | 7,51,877/- (മരുന്നുകൾ വാങ്ങുന്നതിന് ) | PRF4133/ 2.2.23 | 21 ഇൻവോയ്സുകളിലായി 2023നവംബർ | 1,81,637/- രൂപയുടെ മരുന്നുകൾ |

| | | | | | |
|---|---|---|---|---|---|
| | | | | വരെ 5,70,240/- രൂപയുടെ മരുന്നുകൾ ലഭിച്ചു | |
| 201/23 –സുശാന്തം വയോജനങ്ങൾക്ക് ജീവിതശൈലീ രോഗനിയന്ത്രണപരിപാടി | 42201256/ 16.3.23 -- 75,000/- | 75,000/- (വയോജനക്ലിനിക്കിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ) | PRF 4455/14.2.23 | 15575/9.8.23- 26,169/- | 48,831/- രൂപയുടെ ഉപകരണങ്ങൾ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 9/1.12.23) മറുപടിയായി മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് എന്ന് നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 സാന്ത്വനപരിചരണ പദ്ധതി -- നടത്തിപ്പിലെ അപാകതകൾ

പദ്ധതി--14/23 –പരിരക്ഷ സാന്ത്വനപരിചരണം

നിർവഹണഉദ്യോഗസ്ഥൻ-- മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി

ആകെ അടങ്കൽ -- 15,00,000(വികസനഫണ്ട്--പൊതുവിഭാഗം )

ആകെ ചെലവ് --- 14,04,080

സാന്ത്വനപരിചരണം പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.അന്തിമഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടില്ല.

സ.ഉ (പി) നം.147/2017/Fin തീയതി 16.11.2017 പ്രകാരം തുക കൈമാറുന്നത് അന്തിമ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ആയിരിക്കണം.സ.ഉ.(കൈ) നം.115/2022 തസ്വഭവ തീയതി .28.5.2022 ഖ. 2.12 പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ട സാഹചര്യങ്ങളിൽ ഒഴികെ സബ്സിഡി /ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ സാന്ത്വനപരിചരണം പദ്ധതിയിലെ ഹോംകെയർ ടീമുകളുടെ ഭക്ഷണത്തിന് ചെലവഴിച്ച തുക പാലിയേറ്റീവ് കെയർ നേഴ്സിന്റെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ഭക്ഷണം വിതരണം ചെയ്തത് പഞ്ചായത്തിലെ നന്ദനം കുടുംബശ്രീ ജനകീയഹോട്ടലാണ്.

2. സാന്ത്വനപരിചരണം പദ്ധതിയിലെ വാഹനവാടക ക്വട്ടേഷൻ പ്രകാരമുള്ള ഉയർന്ന നിരക്ക് അനുവദിച്ചു.

വാഹനവാടകക്ക് ക്വട്ടേഷൻ സമർപ്പിച്ച വ്യക്തികൾ വ്യത്യസ്ത ദൂരം യാത്ര ചെയ്യുന്നതിന് വ്യത്യസ്ത നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഇതിൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി (ഷാജഹാൻ പി എ)രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ പോകുന്നതിനും തിരികെ വരുന്നതിനും വെയ്റ്റിംഗ് ഉൾപ്പെടെ സമർപ്പിച്ച നിരക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ദൂരം | നിരക്ക് |
|---|---|
| 15-- 24 Km | 800 |
| 25-- 34 Km | 900 |
| 35-- 44 Km | 1000 |
| 45 And Above | 1100 |

ഈ ക്വട്ടേഷൻ പി എം സി അംഗീകരിച്ചിട്ടില്ല. തൻവർഷം എല്ലാ ഹോംകെയറിലും 45 കിലോമീറ്ററിൽ കൂടുതൽ സഞ്ചരിച്ചുവെന്ന രീതിയിൽ 1100 രൂപ വീതം നൽകിയിട്ടുണ്ട്. ട്രിപ്പ് ഷീറ്റ് പ്രകാരം 45 കി.മീ. സഞ്ചരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ എല്ലാ ഹോംകെയർ നടത്തിയിട്ടുള്ള ദിവസങ്ങളിലും 45 കിലോമീറ്ററിൽ കൂടുതൽ സഞ്ചരിച്ചുവെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ഹോംകെയർ രജിസ്റ്ററിൽ ഓരോ ദിവസവും ഹോംകെയർ നടത്തിയ സ്ഥലമോ വാർഡോ രേഖപ്പെടുത്തിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം., തുക | വാഹനവാടക | റിഫ്രഷ്മെന്റ് തുക | നേഴ്സിന്റെ വേതനം+ഫോൺ ചാർജ് | നേഴ്സിന്റെ അക്കൗണ്ടിൽ കൈമാറിയ തുക |
|---|---|---|---|---|
| 42201098/1.6.22 -- 39545 | 17600 ( 1100രൂപ വീതം 16 ഹോംകെയർ) | 3715 | 18030+200 | 21945 |
| 42201103/17.6.22 -- 39490 | 17600 ( 1100രൂപ വീതം 16 ഹോംകെയർ) | 3660 | 18030+200 | 21890 |
| 4220110/13.7.22-39250 | 17600 ( 1100രൂപ വീതം 16 ഹോംകെയർ) | 3060 | 18390+200 | 21650 |
| 42201111/8.8. .22 -- 38250 | 16500 ( 1100രൂപ വീതം 15 ഹോംകെയർ) | 3160 | 18390+200 | 21750 |
| 42201133/2.9.22-- 39680 | 17600 ( 1100രൂപ വീതം 16 ഹോംകെയർ) | 3490 | 18390+200 | 22080 |
| 42201144/12. 10.22-- 39950 | 17600 ( 1100രൂപ വീതം 16 ഹോംകെയർ) | 3760 | 18390+200 | 22350 |
| 42201157/5.11.22-- 40135 | 17600 ( 1100രൂപ വീതം 16 ഹോംകെയർ) | 3945 | 18390+200 | 22535 |
| 42201169/8.12.22-- 41530 | 17600 ( 1100രൂപ വീതം 16 ഹോംകെയർ) | 4085 | 18390+200 | 23930 (സ്റ്റേഷനറിയുടെ 1255രൂപ കൂടി കൈമാറി) |
| 42201188/9.1.23-- 39960 | 17600 ( 1100രൂപ വീതം 16 ഹോംകെയർ) | 3770 | 18390+200 | 22360 |
| 42201220/6.2.23 -- 40210 | 17600 ( 1100രൂപ വീതം 16 ഹോംകെയർ) | 4020 | 18390+200 | 22610 |

| | | | | |
|---|---|---|---|---|
| 42201260/16.3.23 -- 37420 | 15400 ( 1100രൂപ വീതം 14ഹോംകെയർ) | 3430 | 18390+200 | 22020 |
| 42201308/28.3.23 -- 41770 | 17600 ( 1100രൂപ വീതം 16 ഹോംകെയർ) | 5040 | 18390+200 | 24170( TA 540 ഉൾപ്പെടെ ) |

മേൽപ്രകാരമുള്ള അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (10/1.12.23) നൽകിയതിന് പാലിയേറ്റീവ് ഹോം കെയറിന് വാഹനം എത്തുന്ന സ്ഥലത്തുനിന്നാണ് ഭക്ഷണം കഴിക്കുന്നത് എന്നും തുക അപ്പോൾ തന്നെ കാഷായി നൽകുന്നത് കൊണ്ടാണ് നേഴ്സിന്റെ അക്കൗണ്ടിലേക്ക് നൽകിയത് എന്നുമാണ് നിർവഹണഉദ്യോഗസ്ഥന്റെ മറുപടി.എന്നാൽ ഭക്ഷണബിൽ സമർപ്പിച്ചിട്ടുള്ളത് പഞ്ചായത്തിലെ നന്ദനം കുടുംബശ്രീ ജനകീയഹോട്ടലാണ്.

സർക്കാർ വ്യവസ്ഥകൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.ഇക്കാര്യത്തിൽ നിർവഹണഉദ്യോഗസ്ഥൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-28 വാഹനവാടക – ഒരേ വാഹനത്തിന് ഒരേ ദിവസം രണ്ട് പ്രൊജക്ടുകളിലായി വാടക നൽകിയിരിക്കുന്നു.

മെഡിക്കൽ ഓഫീസർ എഫ് എച്ച് സി നടപ്പാക്കിയ രണ്ട് പ്രൊജക്ടുകളിലായി ഒരു വാഹനത്തിന് (KL43F343) 13.5.22, 29.6.22, 14.3.23 എന്നീ ദിവസങ്ങളിൽ രണ്ട് വ്യത്യസ്ത ആവശ്യങ്ങൾക്കായി ഉപയോഗിച്ചതിന് വാടക നൽകിയിരിക്കുന്നു.

| പ്രോജക്ട് | വൗച്ചർ നം.,തുക | ആകെ വാഹനവാടക നൽകിയത് |
|---|---|---|
| 14/23 –പരിരക്ഷ സാന്ത്വനപരിചരണം | 42201103/17.6.22 – 39490 | 17600 |
| | 4220110/13.7.22–39250 | 17600 |
| | 42201308/28.3.23 – 41770 | 17600 |
| 190/23 – ദേശീയആരോഗ്യപരിപാടികൾക്കും പൊതുജനാരോഗ്യപരിശോധനകൾക്കും വാഹനവാടക ലഭ്യമാക്കൽ | 22200474/12.9.22 – 18900 | 18900 |
| | 22201078/28.3.23 – 8600 | 8600 |

ട്രിപ് ഷീറ്റ് പ്രകാരം വാഹനവാടക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | S014/23പരിരക്ഷ സാന്ത്വനപരിചരണം | | | 190/23 --ദേശീയആരോഗ്യപരിപാടികൾക്കും പൊതുജനാരോഗ്യപരിശോധനകൾക്കും വാഹനവാടക ലഭ്യമാക്കൽ | | |
|---|---|---|---|---|---|---|
| തീയതി | വാഹനം ഓടിയ സമയം | നൽകിയ വാടക | വൗച്ചർ നം | വാഹനം ഓടിയ സമയം | നൽകിയ വാടക | വൗച്ചർ നം |
| 13.5.22 | 9.30am--4pm | 1100 | 42201103/17.6.22 – 39490 | 10 Am--1pm | 900 | 22200474/12.9.22 – 18900 |

| | | | | | | |
|---|---|---|---|---|---|---|
| 29.6.22 | 9.30am--4pm | 1100 | 4220110/13.7.22-39250 | 10 Am--2pm | 900 | 22200474/12.9.22 – 18900 |
| 14.3.23 | 9.30am--4pm | 1100 | 42201308/28.3.23 – 41770 | 10 Am--2pm | 900 | 22201078/28.3.23 – 8600 |

ഇപ്രകാരം ഒരേ വാഹനം രണ്ട് പ്രൊജക്ടുകളുടെ ആവശ്യത്തിനായി ഒരേ ദിവസം ഒരേ സമയം ഉപയോഗിച്ചതായി കാണിച്ച് വാടക നൽകിയത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (16/3.12.23)നൽകിയിരുന്നു.രണ്ട് പ്രവൃത്തികൾക്കും ഒരു വ്യക്തി തന്നെയാണ് കരാർ എടുത്തിട്ടുള്ളത് എന്നും വേറെ വേറെ വാഹനം ലഭ്യമാക്കാറുണ്ട് എന്നും രണ്ട് പദ്ധതിയുടെ ബില്ലിലും ഒരേ വാഹനനമ്പർ ചേർത്തതുമാണ് എന്നാണ് മറുപടിയായി നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കുവാൻ നിർവഹണഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 വയോജനങ്ങൾക്ക് ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടി-പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ

നിർവഹണഉദ്യോഗസ്ഥൻ-- മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി

1. 201/23 – സുശാന്തം വയോജനങ്ങൾക്ക് ജീവിതശൈലീ രോഗനിയന്ത്രണപരിപാടി

അടങ്കൽ -- 200000

ഫണ്ട് -- വികസനഫണ്ട് പൊതുവിഭാഗം

ആകെ ചെലവ് -- 199500

വൗച്ചർ നം.-- 42201256/16.3.23 – 75000

42201259/16.3.23 -- 96000

42201262/16.3.23-- 28500

വാർഡ് തലത്തിൽ വയോജനങ്ങൾക്ക് സ്ക്രീനിംഗ്ക്യാമ്പ് നടത്തി രോഗനിർണ്ണയം നടത്തുകയും തുടർ പരിശോധനയും ഉറപ്പുവരുത്തുന്നതാണ് പദ്ധതി. എല്ലാ മാസവും ജീവിതശൈലീക്ലിനിക്കുകൾ നടത്തുന്നു.

ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വൗച്ചർ നം.,തുക | ചെലവ് തുക | ഇനം |
|---|---|---|
| 42201256/16.3.23 – 75000 | 75000 | ഉപകരണങ്ങൾ വാങ്ങുന്നതിന് കെ എം എസ് സിഎൽ ന് നൽകിയത് |
| 42201262/16.3.23-- 28500 | 28500 | ഭക്ഷണം,നോട്ടീസ് പ്രിന്റിംഗ്, മൈക്ക്, ബാനർ, കസേര, മേശ, സ്റ്റേഷനറി |
| 42201259/16.3.23 -- 96000 | 96000 | 4800 രൂപ വീതം 20 ആശ പ്രവർത്തകർക്ക് നൽകി( 300 രൂപ ഒരു വാർഡിന് ഇൻസന്റീവും 500 രൂപ ഒരു വാർഡിന് ഭക്ഷണ വിതരണത്തിനുമായി 800 രൂപ വീതം 6 മാസത്തേക്ക് നൽകി.ആകെ 20 വാർഡ് ഉണ്ട്) |

2. 23/23 – വയോജനങ്ങൾക്ക് ജീവിതശൈലീ രോഗനിയന്ത്രണക്ലിനിക്ക് (സ്പിൽ ഓവർ )

അടങ്കൽ -- 125000

ഫണ്ട് -- വികസനഫണ്ട് പൊതുവിഭാഗം

ആകെ ചെലവ് -- 100000

വൗച്ചർ നം.-- 42201125/17.8.22 – 100000

പ്രൊജക്ട് പ്രകാരം ഏതെല്ലാം പ്രവർത്തനങ്ങളാണ് ചെയ്യുന്നതെന്ന് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല.

ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം.,തുക | ചെലവ് തുക | ഇനം |
|---|---|---|
| 42201125/17.8.22 – 100000 | 80000 | ആശ പ്രവർത്തകർക്ക് വയോജനക്ലിനിക്കിൽ പങ്കെടുത്തതിനും ഭക്ഷണം വിതരണം ചെയ്തതിനും |
| | 20000 | രജിസ്റ്റർ പ്രിന്റിംഗ് |

ആശ പ്രവർത്തകർക്ക് തുക നൽകിയതിന്റെ വിവരങ്ങൾ

| വയോജനക്ലിനിക്കിൽ പങ്കെടുത്തതിന് ഇൻസന്റീവ് | ഭക്ഷണം വിതരണം ചെയ്തതിന് ചെലവ് |
|---|---|
| 16 പേർക്ക് 1500രൂപ വീതം, 4 പേർക്ക് 600 രൂപ വീതം, 4 പേർക്ക് 900 രൂപ വീതം 30000 രൂപ | 16 പേർക്ക് 2500 രൂപ വീതം, 4 പേർക്ക് 1500 രൂപ വീതം ,4 പേർക്ക് 1000രൂപ വീതം 50000 രൂപ |

ജീവിതശൈലീ രോഗനിർണ്ണയത്തിനായി ക്ലിനിക്കുകൾ നടത്തുന്നത് ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളിൽ പെടുന്നവയാണ്. ഇത്തരം ക്ലിനിക്കുകൾക്കായി പ്രത്യേകക്യാമ്പ് നടത്തുന്നതിന്റെ ആവശ്യകത വ്യക്തമല്ല.എല്ലാ മാസവും ക്യാമ്പ് നടത്തിയതിന്റെ വിവരങ്ങൾ,പങ്കെടുത്ത വയോജനങ്ങളുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.ക്യാമ്പ് നടത്തുന്നതിനുള്ള സർക്കാർ ഉത്തരവ് , ആശ പ്രവർത്തകർക്ക് ഓരോ മാസവും ഇൻസന്റീവ്, ഭക്ഷണംതയ്യാറാക്കിയതിന് തുക എന്നിവ നൽകുന്നതിനെ സാധൂകരിക്കുന്ന ഉത്തരവുകൾ ലഭ്യമാക്കേണ്ടതാണ്.

3. പ്രൊജക്ട് നമ്പർ-205/23 -ബ്ലൂ ആർമി -- സംയുക്തആശ വാർഡ് തല സ്ക്വാഡ്

അടങ്കൽ -- 140000

ഫണ്ട് -- തനതുഫണ്ട്

ആകെ ചെലവ് -- 101000

വൗച്ചർ നം.-- 22201122/31.3.23 – 101000

പ്രൊജക്ട് പ്രകാരം ചെയ്യുന്ന പ്രവർത്തനങ്ങൾ

.അവലോകനയോഗം -- 20 വാർഡ് -- 10000രൂപ

. പ്രിന്റിംഗ് -- 20 വാർഡ് -- 10000രൂപ

. ഭക്ഷണം -- 100*30*20 – 60000

. യാത്രാബത്ത -- 50*30*20 – 30000

. വെന്റ് പൈപ്പിന് നെറ്റ് -- 20 വാർഡ് -- 30000രൂപ

ചെലവ് വിവരങ്ങൾ

| വൗച്ചർ നം.,തുക | ചെലവ് തുക | ഇനം |
|---|---|---|
| 22201122/31.3.23 – 101000 | 81000 | 27ആശ പ്രവർത്തകർക്ക് 150രൂപ വീതം ( 100രൂപ ഭക്ഷണ ത്തിനും 50 രൂപ യാത്രാബത്തയും) 20 ദിവസത്തേക്ക് 20 |

| | | |
|---|---|---|
| | | വാർഡിലെ യോഗത്തിന് നൽകി. |
| | 10000 | വാർഡ് തല യോഗത്തിന് 500 രൂപ വീതം 20 വാർഡിലും ഭക്ഷണച്ചെലവ് |
| | 10000 | നോട്ടീസ് പ്രിന്റിംഗ് |

വാർഡുകളിലെ ആശ വർക്കർമാരുടെ പ്രവർത്തനങ്ങൾക്ക് ഓരോരുത്തർക്കും മുഴുവൻ വാർഡിലും പ്രത്യേകഭക്ഷണച്ചെലവ്,യാത്രാബത്ത എന്നിവ അനുവദിക്കുന്നതിനെ സാധൂകരിക്കുന്നഉത്തരവുകൾ ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി 17/3.12.23 ന് മറുപടിയായി എല്ലാ മാസവും എല്ലാ വാർഡിലും ബോധവൽക്കരണക്യാമ്പുകൾ ,പരിശോധന എന്നിവ നടത്തിയിട്ടുണ്ട് എന്നും എല്ലാ ആശവർക്കർമാരും ഒരു വാർഡിൽ കേന്ദ്രീകരിച്ച് പ്രവൃത്തി ചെയ്യുന്നത് മൂലം പകർച്ചവ്യാധി വളരെയധികം കുറക്കുവാനും ജനശ്രദ്ധ ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ടെന്നാണ് നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്.
പ്രൊജക്ട് നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് നടപ്പാക്കുന്നതെന്നും പ്രൊജക്ടിൽ നിർദ്ദേശിച്ചിരിക്കുന്ന വിധത്തിൽ മാത്രമാണ് നടപ്പാക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-30 ആശുപത്രി മാനേജിംഗ് കമ്മിറ്റി വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രം, ഹോമിയോ ഡിസ്പെൻസറി, ആയുർവേദ ഡിസ്പെൻസറി എന്നീ ആരോഗ്യ സ്ഥാപനങ്ങളിലെ ആശുപത്രി മാനേജിംഗ് കമ്മറ്റികളുടെ സ്ഥാപനം, വാർഷിക കണക്കുകളുടെ സമർപ്പണം എന്നിവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.2/27.11.23)
